(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം

*4 [3] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവീസ് കമ്മീഷനെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംസ്ഥാനത്തെ ഉദ്യോഗാർത്ഥികൾക്കിടയിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്ക കണക്കിലെടുത്തിട്ടുണ്ടോ;

(സി) നിയമ ഭേദഗതി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് പി. എസ്. സി. യെ പുനഃക്രമീകരിച്ച് പി. എസ്. സി. യുടെ നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി, ഡി) നിയമഭേദഗതിയിലൂടെ പി. എസ്. സി. യിൽ പുനഃക്രമീകരണം നടത്തുന്നതുപോലെയുള്ള കാര്യങ്ങൾ വിശദമായ ചർച്ചയും ഗഹനമായ പഠനവും ആവശ്യമായ സംഗതികളാണ്. എങ്കിലും ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനും, കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കുന്നതിനും സാദ്ധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൊല്ലം ജില്ലയിൽ 16-8-2003-ന് നടത്തിയ എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള പരീക്ഷയുടെ ചോദ്യം ചോർന്നതായുള്ള പരാതിയെക്കുറിച്ച് പോലീസിലെ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്നു. സമാന സംഭവങ്ങളെക്കുറിച്ച് ശ്രദ്ധയിൽ വന്നിട്ടുള്ള മാദ്ധ്യമ റിപ്പോർട്ടുകളും പരാതികളും പരിശോധിച്ച് പി. എസ്. സി. യുമായി കൂടിയാലോചിച്ച് അനുയോജ്യമായ നടപടി സ്വീകരിക്കുന്നതാണ്. പരീക്ഷാ നടത്തിപ്പു സംബന്ധിച്ച ക്രമക്കേട് ആവർത്തിക്കാതിരിക്കാൻ പി. എസ്. സി. ഉദ്യോഗസ്ഥർ തന്നെ പരീക്ഷാ ദിവസം ചോദ്യപേപ്പർ സെന്ററുകളിൽ എത്തിക്കുന്നതിനും അവരുടെ സാന്നിദ്ധ്യത്തിൽ പരീക്ഷ നടത്തി അവർ തന്നെ ഉത്തരക്കടലാസ്സുകൾ ഏറ്റുവാങ്ങി പി. എസ്. സി. ഓഫീസിൽ നേരിട്ടെത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതായി പി. എസ്. സി. യും അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly